പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4255 24.06.2019-ലെ മറുപടി

# പാലായി വളവിലെ കുടിവെള്ളപദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. രാജഗോപാലൻ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ പാലായി വളവ് കേന്ദ്രീകരിച്ച് വിഭാവനം ചെയ്ത കുടിവെള്ളപദ്ധതി എന്നത്തേയ്ക്ക് നടപ്പിലാ ക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | പാലായി വളവ് കേന്ദ്രീകരിച്ച് 2 കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br>1. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ചെറുവത്തൂർ, പടന്ന, നിലിക്കോട്, വലിയപറമ്പ് എന്നീ പഞ്ചായത്തുകൾക്കും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ - ആലപ്പടമ്പ എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതി - പ്രതിദിനം 28 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഈ പദ്ധതി കാര്യങ്കോട് പുഴ സ്രോതസ്സാക്കിയാണ് വിഭാവനം ചെയ്തിട്ടുള്ളത് - 162 കോടി രൂപ (പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം).<br>2. നീലേശ്വരം കാഞ്ഞങ്ങാട് മുനിസി പ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - 160 കോടി രൂപയ്ക്ക് (പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം) വിവിധ ഘടകങ്ങളായി ie; കരിയങ്കോട് നദിയിൽ, വേലൂരിൽ കിണർ, കായാണിയിൽ 38 MLD ശുദ്ധീകരണ ശാല, അനുബന്ധ പൈപ്പ് ലൈനുകൾ, ജലസംഭരണികൾ കൂടാതെ ഏകദേശം 600 Km വിതരണ ശൃംഖലയും രണ്ടു ഭാഗങ്ങളായി വിഭാവനം ചെയ്തിട്ടുണ്ട്.<br>രണ്ടു പദ്ധതികളുടെയും പ്രാഥമിക എഞ്ചിനീ യറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. പദ്ധതിയുടെ പ്രധാന പൈപ്പ് ലൈൻ, ടാങ്കുകളുടെ സ്ഥലം, വിതരണ ശൃംഖല എന്നിവയ്ക്ക് വേണ്ടി സർവ്വേ ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർവേക്ക് ശേഷം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്<br>നിലവിൽ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും ഫണ്ടിന്റെ അപര്യാപ്തത മൂലം വിതരണ ശൃംഖല സ്ഥാപിക്കാത്ത 128 ഓളം കുടിവെള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ഉണ്ട്. ആയതിനാൽ ഭാഗികമായി പൂർത്തിയാക്കിയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക്. പുതിയ പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റെടുക്കുന്നതാണ്. |
| (ബി) | പാലായി വളവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പാലായി വളവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി ഇറിഗേഷൻ വകുപ്പാണ് പൂർത്തീകരിക്കേണ്ടത്.ഇതിന്റെ നിർമ്മാണം കരാർ ഉടമ്പടി പ്രകാരമുള്ള 2020 മെയ് മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar

**സെക്ഷൻ ഓഫീസർ**